എച്ച് വൺ എൻ വൺ, ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ വകുപ്പ്

മങ്കട: മങ്കടയിൽ എച്ച് വൺ എൻ വൺ പനിബാധിച്ച് അധ്യാപിക മരിക്കാനിടയായ സംഭവത്തിൽ ആരോഗ്യ വകുപ്പ് ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചു. പനിയുടെ ഉറവിടം മങ്കടയിൽ നിന്ന് തന്നെയാണെന്നാണ് ആരോഗ്യ വകുപ്പിന്റെ നിഗമനം. അത് കൊണ്ട് തന്നെ ആളുകൾ കൂട്ടം കൂടുന്നത് പരമാവധി ഒഴിവാക്കണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

പനി ബാധിച്ചവർ ഉടൻ ആശുപത്രിയിൽ ചികിത്സ തേടണം. പനി പോലുള്ള അസുഖങ്ങൾ പൂർണ്ണമായും ഭേതമാകുന്നത് വരെ മരുന്ന് കഴിക്കണം ഇടക്ക് വെച്ച് നിർത്തുന്നത് ആരോഗ്യ നില വഷളാക്കും. എച്ച് വൺ എൻ വൺ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് പ്രദേശത്ത് ശക്തമായ നിരീക്ഷണത്തിലാണ്.

രോഗം മറ്റുള്ളവർക്ക് പടരാതിരിക്കാനുള്ള പരമാവധി പ്രതിരോധ പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചിട്ടുണ്ടെന്ന് മങ്കട മെഡിക്കൽ ഓഫീസർ ഡോ. അബ്ദുള്ള അറിയിച്ചു. എച്ച് വൺ എൻ വൺ പനി ബാധിച്ച് ബുധനാഴ്ചയാണ് മങ്കടയിൽ അധ്യാപിക മരണപ്പെട്ടത്. വടക്കാങ്ങര ജിയുപിസ്കൂൾ അധ്യാപിക മങ്കട വട്ടപ്പറമ്പിൽ സുലൈഖാബി 44 ആണ് മരണപ്പെട്ടത്.

ന്യൂമോണിയ ലക്ഷണങ്ങളോടെ മങ്കട സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ചികിത്സ തേടിയ അവർ പിന്നീട് പെരിന്തൽമണ്ണയിലും കോഴിക്കോടും സ്വകാര്യ ആസ്പത്രിയിൽ ഒരാഴ്ചയായി ചികിത്സയിലായിരുന്നെങ്കിലും കഴിഞ്ഞ 17ന് എച്ച് വൺ എൻ വൺ ബാധ സ്ഥിരീകരിച്ചത്.

ഹൈമാസ്റ്റ് വിളക്കുകൾ സ്ഥാപിച്ചു

മഞ്ചേരി: മഞ്ചേരി നഗരസഭ പരിധിയിൽ 22 ഹൈമാസ്റ്റ് വിളക്കുകൾ സ്ഥാപിച്ചു. പദ്ധതിയുടെ മുനിസിപ്പൽതല ഉദ്ഘാടനം കുരവമ്പ്രാം അമ്പലപ്പടിയിൽ അഡ്വ. എം ഉമ്മർ എം എൽ എ നിർവ്വഹിച്ചു. രണ്ടു ലക്ഷത്തി ഇരുപത്തിരണ്ടായിരം രൂപ ചെലവുവരുന്ന വിളക്കുകളാണ് നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചത്. എംഎൽ എയുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗപ്പെടുത്തിയായിരുന്നു പദ്ധതി. ഇത്തരത്തിൽ മഞ്ചേരി മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലായി 54വിളക്കുകളാണ് സ്ഥാപിച്ചിരിക്കുന്നത്.

മയക്കുമരുന്ന് സഹിതം യുവാവ് അറസ്റ്റിൽ

പെരിന്തൽമണ്ണ: ചെത്തല്ലൂർ സ്വദേശി ആനക്കുഴി വീട്ടിൽ ബാബുരാജ് (26)നെ മയക്കുമരുന്ന് സഹിതം എക്സൈസ് സംഘം അറസ്റ്റ് ചെയ്തു. നൈട്രസെപം എന്ന 54 ലഹരി ഗുളികകളുമായാണ് പിടികൂടിയത്. കോയമ്പത്തൂരിൽ നിന്നും മൂന്ന് രൂപക്ക് വാങ്ങുന്ന ഗുളിക 200 രൂപ നിരക്കിലാണ് വിദ്യാർത്ഥികളടക്കം ഉള്ളവർക്ക് നൽകുന്നത്. പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു. കൂടാതെ ബൈക്കിൽ കഞ്ചാവ് കടത്തികൊണ്ടു വന്ന ആലിപ്പറമ്പ് സ്വദേശിയായ യുവാവ് വാഹന പരിശോധനക്കിടയിൽ കെ എൽ 66.21 27 പൾസർ ബൈക്ക് ഇട്ട് ഓടി കളഞ്ഞു. വാഹനത്തിൽ നിന്നും വാഹനത്തിലുണ്ടായിരുന്ന ബാഗിൽ നിന്നുമായി 250 ഗ്രാം കഞ്ചാവ് കണ്ടെടുത്തു. എക്സൈസ് സിഐ ഇപിസിബി, പ്രിവന്റീവ ആഫീസർമാരായ രാമൻകുട്ടി, കുഞ്ഞുമുഹമ്മദ്, ഫ്രാൻസിസ്, സിവിൽ എക്സൈസ് ആഫീസർമാരായ സജയകുമാർ, അലക്സ്, കമ്മുക്കുട്ടി, രാമകൃഷ്ണൻ, വനിതാ സിവിൽ പോലീസ് ഓഫീസർ സിന്ധു എന്നിവരാണ് പരിശോധനയിൽ പങ്കെടുത്തത്.

പ്രളയബാധിതർക്ക് കൈത്താങ്ങായി ഭിന്നശേഷിക്കാരുടെ കൂട്ടായ്മ

മലപ്പുറം: പ്രളയബാധിതർക്ക് കൈത്താങ്ങായി ഭിന്നശേഷിക്കാരുടെ കൂട്ടായ്മയായ കേരള വികലാംഗ സഹായ സമിതി. ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ തിരൂരങ്ങാടി താലൂക്ക് തലത്തിൽ രണ്ടാംഘട്ടമായി 5000 രൂപ മന്ത്രി കെടി ജലീലിന് കൈമാറി. ആദ്യഘട്ടമായി 7500 രൂപ സമിതി നൽകിയിരുന്നു. നവകേരള നിർമ്മിതിക്കായി സർക്കാർ സമാഹരിക്കുന്ന ഫണ്ടിലേക്ക് തങ്ങളാലാകുന്ന സഹായമെത്തിക്കുകയാണ് ഭിന്നശേഷിക്കാരുടെ കൂട്ടായ്മയായ വികലാംഗ സഹായ സമിതി.

കാലവർഷക്കെടുതി: നാശനഷ്ടം വിലയിരുത്തുന്നതിന് കേന്ദ്ര സംഘം 23ന് ജില്ലയിൽ

മലപ്പുറം: കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട ഉണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിന് സംസ്ഥാനത്ത് എത്തിയ കേന്ദ്ര സംഘംസപ്തംബർ 23ന് ജില്ലയിലെത്തും.

സംഘം ജില്ലാ കലക്ടർഅമിത്മീണയുമായും ജില്ലാതല ഉദ്യോഗസ്ഥരുമായി ചർച്ച നടത്തും. തുടർന്ന്പ്രളയത്തിൽ നാശ നഷ്ടങ്ങളുണ്ടായ ജില്ലയിലെ വിവിധ സ്ഥലങ്ങൾസന്ദർശിക്കും. എൻ ഐടിഐ ആയോഗ് ഉപദേശകൻ ഡോ.യോഗേഷ്സൂരി,കേന്ദ്ര സർക്കാരിന്റെ ഡ്രിങ്കിംഗ്വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ വകുപ്പിന്റെഅഡീഷണൽ അഡ്വയ്സർ ഡോദിനേഷ്ചന്ദ്, കേന്ദ്ര സർക്കാരിന്റെ റോഡ് ട്രാൻസ്പോർട്ട്ആന്റ്ഹൈവെതിരുവന്തരപുരംമേഖലഓഫിസിലെറീജ്യണൽ ഓഫിസർ വി.വി. ശാസ്ത്രിഎന്നിവരുൾപ്പെട്ട മൂന്നംഗസംഘമാണ് ജില്ലയിലെത്തുന്നത്.

സംഘംസപ്തംബർ 23 രാവിലെ 9.30 മുതലാണ്വിവിധ സ്ഥലങ്ങളിൽ സന്ദർശനം നടത്തുക.

ഇതിനു മുന്നോടിയായിരാവിലെ ഒമ്പതു മുതൽജില്ലാകലക്ടർ, ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരുടെമായികലക്ട്രേറ്റിൽനാശ നഷ്ടങ്ങളുടെവിലയിരുത്തലും ചർച്ചയുംനടത്തും.

വൈകിട്ട് 5.30സംഘംകരിപ്പൂർഎയർപോർട്ട്വഴിതിരുവന്തപുരത്തേക്ക് തിരിക്കും.

തിരുനാവായയിൽ കനാൽ ബൈപ്പാസ് പ്രവൃത്തിതുടങ്ങി

മലപ്പുറം: തിരുനാവായ ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ തിരൂർ ബ്ലോക്ക് പഞ്ചായത്തും തിരുനാവായ പഞ്ചായത്തുംചേർന്ന് 30 ലക്ഷംരൂപ ചെലവിൽ നിർമ്മിക്കുന്ന തിരുനാവായ കനാൽ ബൈപ്പാസിന്റെ പ്രവൃത്തിതുടങ്ങി. തിരൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആർ കെ അഫ്സത്ത് ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡൻറ് ഫൈസൽഎടശ്ശേരി അധ്യക്ഷനായി. ബ്ലോക്ക് പഞ്ചായത്ത്വൈസ് പ്രസിഡന്റ് അഡ്വ. പി, നസ്റുള്ള, മുളക്കൽ മുഹമ്മദലി, എ രവിന്ദ്രൻ, സി പി സൈഫുന്നിസ എ ആതിര സംസാരിച്ചു.

കൃഷിനാശം: ജില്ലയിലെ കർഷകർക്ക് 1.74 കോടിയുടെ ദുരിതാശ്വാസ ധനസഹായം

മലപ്പുറം: ജില്ലയിൽ പ്രകൃതിക്ഷോഭം മൂലം കാർഷിക വിളകൾ നശിച്ച കർഷകർക്കാശ്വാസമായി കൃഷിവകുപ്പ് 1.74 ലക്ഷം രൂപയുടെ ദുരിതാശ്വാസ സഹായം അനുവദിച്ചു. തുക സപ്തംബർ 29 നകം ഗുണഭോക്താക്കളുടെ ബാങ്ക് എക്കൗണ്ടിലേക്ക് നൽകാൻ നടപടി സ്വീകരിച്ചു വരുന്നതായും പ്രിൻസിപ്പൽ കൃഷി ഓഫിസർ അറിയിച്ചു.

32939 കർഷകർക്ക് പ്രയോജനം ലഭിക്കുന്നതാണ്. വിളകൾ നശിച്ച കർഷകർക്ക് പുതുകൃഷിയിറക്കുന്നതിന് ദുരിതാശ്വാസ സഹായം വളരെ ഉപകാരപ്രദമാവുമെന്നാണ് കരുതുന്നത്. 2013 മുതൽ 2018 ജൂൺ മാസംവരെയുള്ള കുടിശ്ശികതീർക്കുന്നതിന് 1.21 കോടി രൂപയും 2018 ജൂൺ, ജൂലൈ, ആഗസ്ത് മാസങ്ങളിൽ പ്രകൃതിക്ഷോഭം മൂലം ഉണ്ടായ വിളനാശങ്ങൾക്ക് 52.74 ലക്ഷം രൂപയുമാണ് പ്രാഥമിക ദുരിതാശ്വാസ സഹായമായി അനുവദിച്ചിരിക്കുന്നത്. കൃഷി അസി. ഡയറക്ടർമാർ സപ്തംബർ 29 നകം തുക കർഷകരുടെ ബാങ്ക്അക്കൗണ്ടിലേക്ക് നിക്ഷേപിക്കും.

പ്രകൃതിക്ഷോഭ ദുരിതാശ്വാസവിതരണത്തിന്റെ ഭാഗമായി ആർഭാടരഹിതമായി വളരെ വിപുരമായ പരിപാടികൾ മന്ത്രിമാർ, എം പി മാർ, എം. എൽ എ മാർ, ത്രിതലതദ്ദേശസ്വയംഭരണസ്ഥാപന പ്രതിനിധികൾ, കാർഷിക വികസന സമിതി അംഗങ്ങൾ മുതലായവരെ പങ്കെടുപ്പിച്ചുകൊണ്ട് പഞ്ചായത്ത്തലത്തിൽ കൃഷിഭവനുകളുടെ ആഭിമുഖ്യത്തിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭം മൂലം കൃഷിഭൂമികളിൽ വന്നു ചേർന്നിട്ടുള്ള മണ്ണ്, മണൽ എന്നിവയുടേയും കുന്നിൽ പ്രദേശങ്ങളിലെ കൃഷി ഭൂമികളിൽ വന്നു ചേർന്നിട്ടുള്ള അവശിഷ്ട വസ്തുക്കൾ എന്നിവയുടേയും നീക്കംചെയ്യൽ, ഉരുൾപൊട്ടൽ മൂലം കൃഷിഭൂമിക്കുണ്ടായ രൂക്ഷമായ നാശനഷ്ടങ്ങൾ മുതലായവയ്ക്ക് ദുരന്തനിവാരണ പദ്ധതി പ്രകാരം കൃഷി ഭവൻ ഓഫീസർമാരുടെ സ്ഥലം പരിശോധനയുടെ അടിസ്ഥാനത്തിൽ ദുരിതാശ്വാസ സഹായം അനുവദിക്കുന്നതാണ്.

2018 ജൂലൈ, ആഗസ്ത് മാസങ്ങളിലെ പ്രകൃതിക്ഷോഭം മൂലം വിളകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുള്ള ജില്ലയിലെമുഴുവൻ കർഷകർക്കും ദുരിതാശ്വാസ സഹായം നൽകുന്നതിനുള്ള തുക കാർഷിക വികസന–കർഷകക്ഷേമ വകുപ്പ് ഡയറക്ടറും, ജില്ലാ കലക്ട്രേറ്റ് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭത്തിന് ശേഷമുള്ള കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ ഉദ്യോഗസ്ഥർ, കർഷകർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ശില്പശാല 22ന് രാവിലെ 10 ന് നടക്കും.

വിളകൾക്ക് നാശനഷ്ടം സംഭവിച്ച കൃഷിയിടങ്ങളിൽ പുതിയതായി കൃഷിയിറക്കുന്നതിനുള്ള സാങ്കേതിക നിർദ്ദേശങ്ങൾ കൃഷി ഭവനുകളിൽനിന്നും ലഭിക്കുന്നതായിരിക്കും.

ഐടിഐ കോഴ്സുകൾ

മലപ്പുറം: അരീക്കോട് ഗവ. ഐ ടി ഐയിൽ ഓട്ടോകാഡ് 2ഡി, 3ഡി ടോട്ടൽ സ്റ്റേഷൻ സർവ്വേയിംഗ്, ഇന്റീരിയൽ ഡിസൈനിംഗ് 3ഡിഎസ് മാക്സ്, അഡ്വാൻസ്ഡ് വെൽഡിംഗ് ടെക്നോളജി, അഡ്വാൻസ്ഡ് വുഡ് വർക്കിംഗ്, സിസിടിവി ടെക്നീഷ്യൻ, ക്യൂ.എ/ക്യൂസി എൻഡിടി, എ സി റഫ്രിജറേഷൻ/ എച്ച്വിഎസി ടെക്നീഷ്യൻ, വെബ്ഡിസൈനിംഗ് & ഗ്രാഫിക്ക് ഡിസൈനിംഗ്, മൊബൈൽ റോബോട്ടിക്സ്, ഇലക്ട്രിക്കൽ കാഡ്, ടാലി ഇ.ആർ.പി എന്നിവയിൽ ഹ്രസ്വകാല കോഴ്സുകൾ നടത്തുന്നു. ഫോൺ 0483 2850238, 9645721984.

ലിസ്റ്റ് പ്രസിദ്ധീകരിച്ചു

മലപ്പുറം: ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ ചെയ്തിട്ടുള്ള, നിലവിൽ 50 വയസ്സ് വരെ പ്രായമുള്ള വിമുക്തഭടൻമാരുടെ സെപ്തംബർ ഒന്നു മുതൽ മൂന്ന് വർഷ കാലയളവിലേക്കുള്ള സെലക്ട് ലിസ്റ്റുകൾ സൈനിക ക്ഷേമ ഓഫീസിൽ പ്രസിദ്ധീകരിച്ചു. ലിസ്റ്റികളെ പ്പറ്റിയുള്ള ആക്ഷേപങ്ങളും പരാതികളും 25 വരെ സ്വീകരിക്കും.

കൂളിമാട് പാലത്തിന്റെ അനുബന്ധ റോഡ് നിർമ്മാണം സ്ഥലമെടുപ്പ് വേഗത്തിൽ പൂർത്തിയാക്കും: കലക്ടർ

മലപ്പുറം: വാഴക്കാട് പഞ്ചായത്തിൽ ചാലിയാറിന് കുറകെ നിർമ്മിക്കാനുദ്ദേശിക്കുന്ന കൂളിമാട് പാലത്തിന്റെ അനുബന്ധ റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് ജില്ലാ കലക്ടർ അമിത് മീണ അറിയിച്ചു. നേരത്തെ റോഡിന്റെ എല്ലാ സ്ഥലമെടുപ്പ് നടപടി ക്രമങ്ങളും 1895 ലെ ഭൂമി ഏറ്റെടുക്കൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൂർത്തിയായങ്കിലും നോഗോസിയേഷൻ നടത്തി തുക വിതരണം ചെയ്തിരുന്നില്ല.

എന്നാൽ 2013 ൽ പാർലമെന്റ് പാസ്സാക്കിയ പുതിയ ഭൂമിയേറ്റടുക്കൽൽ നടപടി പ്രകാരം 2015 ൽ സംസ്ഥാനത്തും പുതിയ ഉത്തരവും ആക്ടും നടപ്പിലാക്കിയിരുന്നു. തുടർന്ന് 2016 ജൂലൈ മാസത്തിൽ കൂളിമാട് അനുബന്ധറോഡിന്റെ പദ്ധതി നടപടികൾ കാലഹരണപ്പെട്ടിരുന്നു. തുടർന്ന് പുതിയ ഉത്തരവിന്റെ അസിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ വീണ്ടും ആരംഭിക്കാൻ നിർദ്ദേശിച്ചിരുന്നു.ഇത്തരം പശ്ചാത്തിലത്തിലാണ് വീണ്ടും ഭൂവുടമകളുടെ യോഗം വിളിച്ചു ചേർത്ത് ജില്ലാ കലക്ടർ ചർച്ച നടത്തിയത്. പഴയ വിലക്ക് ഭൂമി നൽകാൻ എല്ലാവരും തയ്യാറാണന്ന് ഭൂവുടമകൾ ജില്ലാ കലക്ടറെ അറിയിച്ചു. പുതിയ ആക്ട് പ്രകാരം സ്ഥലമെടുപ്പിന് പരിസ്ഥിതി ആഘാത പഠനം മുതലുള്ള എല്ലാ നടപടികളും ആവശ്യമാണ്. ഇതിനു ശേഷം ഭൂമിയേറ്റെടുക്കൽ വിജ്ഞാപനം ഉണ്ടാകു.

എന്നാൽ 52 സെന്റ് ഭൂമി മാത്രമാണ് പാലത്തിന്റെ അനുബന്ധറോഡിനാവശ്യമായി വരുന്നുള്ളു എന്നതുകൊണ്ടും. തണ്ണീർ തടങ്ങൾക്കോ, ചുറ്റുപാടുകൾക്കോ പരിസ്ഥിതി ആഘാതമുണ്ടാക്കുന്നില്ല എന്നതുകൊണ്ടും മറ്റു നടപടികൾ ഒഴിവാക്കി. ഭൂമി ഏറ്റെടുക്കൽ വിജ്ഞാപനം ഇറക്കാൻ സർക്കാറിനോട് ആവശ്യപ്പെടും. ഇതുവഴി നേരത്തെ നിശ്ചയിച്ച വിലയിൽ തന്നെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കാൻ കഴിയും. പാലത്തിന് കിഫ്ബിയിലുൾപ്പെടുത്തി 21.5 കോടിയുടെ ഭരണമാനുമതി ലഭിച്ചതാണ്. പാലത്തിന്റെ മറു തീരമായ കോഴിക്കോട് ജില്ലയിൽ അനുബന്ധ റോഡിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇനി ജില്ലയിലെ അനുബന്ധ റോഡിന്റെ ഏറ്റെടുക്കൽ നടപടി പൂർത്തിയായാൽ മാത്രമെ പാലത്തിന് സാങ്കേതിക അനുമതി ലഭ്യമാവും. കലക്ട്രേറ്റിൽ നടന്ന യോഗത്തിൽ എംഎൽഎമാരായ പിടിഎ റഹിം, ടി വി ഇബ്രാഹിം, ഡപ്യൂട്ടി കലക്ടർ പി രഘു നാഥ് കോഴിക്കോട് ബ്രിഡ്ജസ് വിഭാഗം എ ഇ ഷൈനി എൻ വി തുടങ്ങിയവർ പങ്കെടുത്തു.

കാലവർഷക്കെടുതി : ഖാദി വ്യവസായങ്ങളുടെ നഷ്ടം അറിയിക്കണം

മലപ്പുറം: ജില്ലയിൽ പ്രളയവുമായി ബന്ധപ്പെട്ടു കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്ന വ്യക്തികത യൂണിറ്റുകൾക്കോ, ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾക്കോ ഖാദി നെയ്ത്തു/ നൂൽപ്പു കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ വീടുകൾക്കോ എന്തെങ്കിലും നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ വിവരം സെപ്റ്റംബർ 28 നകം ബന്ധപ്പെട്ട രേഖകൾ സഹിതം ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസിനെ അറിയിക്കണം.

പൊന്നാനിയിൽ രൂപപ്പെട്ട മണൽ തിട്ടയുടെ ഭാഗത്തുനിന്നും പോലീസ് സന്ദർശകരെ മാറ്റുന്നു

ദുരിതാശ്വാസ നിധിയിലേക്ക് ജില്ലയിൽ നിന്നും സമാഹരിച്ചത് 11.24 കോടി രൂപ

മലപ്പുറം: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ജില്ലയിൽ നിന്നും ഇതുവരെസമാഹരിച്ചത് 11,24,56,795 രൂപ. ഇന്നലെ വരെയുള്ള കണക്കാണിത്. ഈ മാസം 11 മുതൽ 15 വരെയുള്ള ദിവസങ്ങളിൽ കലക്ടറേറ്റിലും വിവിധ താലൂക്ക് ആസ്ഥാനങ്ങളിലുമായി നടന്ന ധനസമാഹരണ ക്യാമ്പുകൾ വഴിയാണ് പ്രധാനമായും തുക സമാഹരിച്ചത്. കൂടാതെ വിവിധ സ്ഥാപനങ്ങളും വ്യക്തികളും ഡി ഡിയും ചെക്കും കലക്ടറെ നേരിട്ട് ഏൽപ്പിക്കുകയും ചെയ്തു. നാലു ദിവസങ്ങളിലായി നടന്ന ധനസമാഹരണ ക്യാമ്പുകളിൽ സംഭാവനയായി ലഭിച്ചത് 6,73,72,349 രൂപയാണ്. വിവിധ സംഘടനകളും വ്യക്തികളും ചേർന്ന് കളക്ടർക്ക് നേരിട്ട് കൈമാറിയതും കളക്ടറേറ്റിൽ നടത്തിയ ക്യാമ്പിലുടെ ലഭിച്ച തുകയും ചേർത്ത് 4,50,84,446 രൂപയും ജില്ലയിൽ നിന്നും ദുരിതാശ്വാസ നിധിയിലേക്കെത്തി. വിവിധ മത രാഷ്ട്രീയ സംഘടനകൾ, സന്നദ്ധ സംഘടനകൾ,വാട്സപ്പ് കൂട്ടായ്മകൾ, ക്ലബുകൾ വ്യാപാരികൾ, വ്യവസായികൾ,പെൻഷനേഴ്സ്, വാഹന ഉടമകൾ, തൊഴിലാളികൾ,കൃഷിക്കാർ തുടങ്ങിയ ജീവതിത്തിന്റെ നാനാ തുറകളിലുള്ള ആളുകളാണ് സംഭാവന നൽകിയത്. ധനസമാഹരണ ക്യാമ്പിലൂടെ ഏറനാട് താലൂക്കിൽ നിന്നും 18,41,231 രൂപയും കൊണ്ടോട്ടി താലൂക്കിൽ നിന്ന് 74,24,179 രൂപയും പെരിന്തൽമണ്ണ താലൂക്കിൽ നിന്നും 1,40,70,703 രൂപയും പൊന്നാനിയിൽ നിന്ന് 1,29,14,926 രൂപയും തിരൂരിൽ നിന്ന് 1,57,45,141 രൂപയും തിരൂരങ്ങാടിയിൽ നിന്ന് 78,74,485 രൂപയുമാണ് ധനസമാഹരണ കാംപയിനിലൂടെസമാഹരിച്ചത്.

പട്ടികജാതി വിദ്യാർത്ഥികൾക്ക് എൻട്രൻസ് കോച്ചിംഗിന് ധനസഹായം

മലപ്പുറം: 2018 മാർച്ചിലെ എസ്എസ്എൽസി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ്, എ, ബി പ്ലസ് നേടിയവരും സയൻസ് ഗ്രൂപ്പെടുത്ത് പ്ലസ് വണ്ണിന് പഠിക്കുന്നവരുമായ പട്ടികജാതി വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എൻജിനിയറിംഗ് എൻട്രൻസ് പരിക്ഷാ കോച്ചിംഗിന് ധനസഹായം നൽകും. വകുപ്പിന്റെ അംഗീകാരമുള്ള പ്രമുഖ കോച്ചിംഗ് സ്ഥാപനങ്ങളിൽ രണ്ടു വർഷം പരിശീലനത്തിന് ചേരുന്ന വിദ്യാർത്ഥിക്ക് പ്രതിവർഷം 10,000 രൂപ നിരക്കിൽ 20,000 രൂപ അനുവദിക്കും. അർഹതയുള്ളവർ എസ്എസ്എൽസി സർട്ടിഫിക്കറ്റിന്റെ സാക്ഷ്യ പ്പെടുത്തിയ പകർപ്പ്, ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് (വരുമാന പരിധി 4.5 ലക്ഷം), പ്ലസ് വൺ സയൻസ് ഗ്രൂപ്പെടുത്ത് പഠിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്ന സ്ക്കൂൾ പ്രിൻസിപ്പലിന്റെ സർട്ടിഫിക്കറ്റ്, എൻട്രൻസ് കോച്ചിംഗ് സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ് എന്നിവ സഹിതം നിശ്ചിത മാതൃകയിലുള്ള അപേക്ഷ സെപ്തംബർ 30നകം ബന്ധപ്പെട്ട ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്ക് നൽകണം.അംഗീകാരമുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ, അപേക്ഷാഫോറം എന്നിവ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിലും,ജില്ലാ പട്ടികജാതി വികസന ഓഫീസിലും ലഭിക്കും. ഫോൺ 0483 2734901.

പ്രീമെട്രിക് സ്കോളർഷിപ്പ് അപേക്ഷ ക്ഷണിച്ചു

മലപ്പുറം: സർക്കാർ /എയ്ഡഡ് സ്കൂളുകളിൽ ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന പിന്നാക്ക സമുദായങ്ങളിൽപ്പെട്ട വിദ്യാർഥികളിൽ നിന്നും ഒബിസി പ്രീടമെട്രിക് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. സെപ്തംബർ 25 വരെ വിദ്യാലയങ്ങളിൽ അപേക്ഷ സ്വീകരിക്കും. വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്ന മൈനോറിറ്റി വിഭാഗങ്ങൾ, ഒഇസി, ഒബിസി വിഭാഗങ്ങൾ അപേക്ഷിക്കേണ്ടതില്ല. വാർഷിക വരുമാനം 2.5 ലക്ഷത്തിൽ കൂടാൻ പാടില്ല. അപേക്ഷകർ മുൻ വർഷ പരീക്ഷയിൽ 80 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടിയവരായിരിക്കണം. കൂടുതൽ വിവരങ്ങൾ www.scholarship.itschool.gov.in ൽ ലഭിക്കും.

ബോധവത്കരണ സെമിനാർ

മലപ്പുറം: ജില്ലയിലെ നാവിക സേനയിലെ വിമുക്തഭടൻമാർക്കും അവരുടെ വിധവകൾക്കുമായി ബോധവൽക്കരണ സെമിനാർ 28 ന് രാവിലെ 11 മുതൽ 12:30 മലപ്പുറം ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ നടത്തും. വിവിധ ക്ഷേമ കാര്യങ്ങളെ സംബന്ധിച്ച് നാവിക സേനാ പ്രതിനിധികൾ സെമിനാറിൽ വിശദീകരിക്കും.ജില്ലയിലെ നാവിക സേനയിൽ നിന്നുള്ള വിമുക്തഭടൻമാരും അവരുടെ വിധവകളും സെമിനാറിൽ പങ്കെടുക്കാം. ഫോൺ : 04985 223380.

പൊലീസുകാർക്ക് സ്ഥലം മാറ്റം

മഞ്ചേരി: മഞ്ചേരി പൊലീസ് സ്റ്റേഷനിലെ അഡീഷണൽ എസ്ഐ ഉൾപ്പെടെ അഞ്ച് പേരെ സ്ഥലം മാറ്റി. അഡീഷണൽ എസ്ഐ എം ജെ ഷാജിമോനെ നിലമ്പൂരിലേക്കും എഎസ്ഐമാരായ അബ്ദുൽ നാസറിനെ ജില്ലാ ക്രൈം ബ്രാഞ്ചിലേക്കും അബ്ദുൽ ഹക്കീമിനെ മലപ്പുറം എ ആർ ക്യാമ്പിലേക്കും സിവിൽ പൊലീസ് ഓഫീസർമാരായ വേണുവിനെ കരിപ്പൂർ സ്റ്റേഷനിലേക്കും പി സഞ്ജീവിനെ കാടാമ്പുഴ സ്റ്റേഷനിലേക്കുമാണ് മാറ്റിയത്.

ഖാദി ബോർഡ് ക്വിസ്സ് മത്സരം നടത്തും

മലപ്പുറം: കേരള ഖാദി വ്യവസായ ബോർഡ് ഗാന്ധിജയന്തിയോടനുബന്ധിച്ച് ഹൈസ്കൂൾ, കോളേജ് വിദ്യാർഥികൾക്കായി മഹാത്മാ ഗാന്ധിയും ഖാദിയും സ്വാതന്ത്ര സമരവും വിഷയത്തിൽ സെപ്തംബർ 27ന് രാവിലെ 11ന് ജില്ലാ പഞ്ചായത്ത് സമ്മേളന ഹാളിൽ ജില്ലാതല ക്വിസ്സ് മത്സരം നടത്തുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ടീമുകൾ പേര്,സ്ഥാപനത്തിന്റെ പേര്, ഫോൺ നമ്പർ എന്നിവpomlp@kkvib.org ൽ സെപ്തംബർ 25നകം രജിസ്റ്റർ ചെയ്യണം. ഫോൺ 0483 2734807.

ദുരിതാശ്വാസ നിധി: സഹകരണ വകുപ്പ് സമാഹരിച്ചത് 7.72 കോടി രൂപ

മലപ്പുറം: പ്രളയക്കെടുതിയിൽ മുങ്ങിയവരെ സഹായിക്കാൻ സഹകരണ വകുപ്പ് സംഘങ്ങൾ,ബാങ്കുകൾ ഭരണ സമിതി അംഗങ്ങൾ, ജീവനക്കാർ എന്നിവയിൽ നിന്ന് സമാഹരിച്ച നൽകിയത് 7.72 കോടി രൂപ. ദുരിതാശ്വാസ നിധിയിലേക്ക് വകുപ്പ് വഴി സമാഹരിച്ചത്.

ബാങ്കുകളും സംഘങ്ങളും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നേരിട്ട് നൽകിയത്. ദുരിത ബാധിതർക്ക് വീട് നിർമ്മിക്കാൻ സ്വരൂപിച്ചത് തുടങ്ങിയവ ഉൾപ്പെട്ടതാണ് തുക. ജില്ലയിലെ സഹകരണ ബാങ്കുകൾ/സംഘങ്ങൾ, ഭരണ സമിതി അംഗങ്ങ.ൾ, ജീവനക്കാർ എന്നിവരിൽ നിന്നും സംഭാവനയായി സമാഹരിച്ച 2,26,90,173. രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകി. ഈ തുകക്കുള്ള ചെക്കുക കലക്ട്രേറ്റിൽ നടന്ന ചടങ്ങിൽ ജോയിന്റ് രജിസ്ട്രാർ ജോസ് എബ്രഹാം. ജില്ലാ കളക്ടർ അമിത് മീണക്ക് കൈമാറി. ഇതിനു പുറമെ വിവിധ സഹകരണ സംഘങ്ങൾ,ബാങ്കുകൾ എന്നിവ 1,26,99,296 രൂപ ദുരിതാശ്വാസ നിധിയിലേക്ക് നേരിട്ട് നൽകിയിട്ടുണ്ട്.

സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 1500 വീടുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. ഈ പദ്ധതിയിലേക്ക് ജില്ലയിൽ നിന്ന് 4,18,50,000/ രൂപ സമാഹരിച്ചിട്ടുണ്ട്.

മഞ്ചേരി മണ്ഡലം യൂത്ത് കോൺഗ്രസ്സ് പ്രസിഡന്റായി നിയമിതനായ റാഷിദ് വട്ടപ്പാറക്ക് പാർലമെന്റ് യൂത്ത് കോൺഗ്രസ്സ് പ്രസിഡന്റ് റിയാസ് മുക്കോളി സംസ്ഥാന സെക്രട്ടറി കെ എ അറഫാത്ത് എന്നിവർ ചേർന്ന് മിനുട്സ് ബുക്ക് നൽകി ചുമതലയേൽപ്പിക്കുന്നു

എം എൽ എ യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും ഇരുപത് ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച താഴെക്കോട് പഞ്ചായത്തിലെ മാട്ടറക്കൽ അമ്പലംകുന്ന് കോളനി റോഡിന്റെ ഉദ്ഘാടനം മഞ്ഞളാംകുഴി അലി എംഎൽഎ നിർവഹിക്കുന്നു

ഐടിഐകളിൽ കാലഹരണപ്പെട്ട ട്രേഡുകൾ നിർത്തലാക്കും: മന്ത്രി

മലപ്പുറം: ഐ ടി ഐ കളിൽകാലത്തിന്റെ ആവശ്യകതയ്ക്കനുസരിച്ചുള്ള ട്രേഡുകൾ ആരംഭിക്കുമെന്ന്മന്ത്രി ടി പി രാമകൃഷ്ണൻ പറഞ്ഞു. കാഞ്ഞിരമുക്കിലെ മാറഞ്ചേരി ഐടിഐയുടെ പുതിയകെട്ടിടംഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പുതിയ ട്രെഡുകൾ ആരംഭിക്കുന്നതുൾപ്പെടെ മാറഞ്ചേരി ഐട .ഐയുടെവളർച്ചയ്ക്ക് സാധ്യമായഎല്ലാ നടപടിയും സർക്കാർസ്വീകരിക്കുമെന്ന് മന്ത്രി പറഞ്ഞു. ്യവസായസ്ഥാപനങ്ങളും ഐടിഐകളുമായുള്ള സഹകരണംശക്തിപ്പെടുത്തിതൊഴിൽനൈപുണ്യ പരിശീലനം വ്യാപിപ്പിക്കും.

വ്യവസായ പരിശീലനത്തിലുള്ള സൗകര്യം വർധിപ്പിക്കുന്നതിനൊപ്പം പരിശീലനത്തിന്റെ നിലവാരം ഉയർത്താനും ഐടിഐകളുടെഅടിസ്ഥാന സൗകര്യങ്ങൾവർധിപ്പിക്കാനും സർക്കാർനടപടി സ്വീകരിക്കും.

എല്ലാ ഐ ടി ഐ കളും ദേശീയ അന്തർദേശീയ നിലവാരത്തിലെത്തിക്കാനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടേയിരിക്കുകയാണ്. അന്തർദേശീയ നിലവാരമുള്ളസ്മാർട്ട് ക്ലാസ്സ്മുറികൾ ഐടിഐ കളിൽസ്ഥാപിക്കും. പുതിയസാങ്കേതികവിദ്യക്കനുസരിച്ചുള്ള പഠനരീതി നടപ്പാക്കാനുള്ള നടപടിസ്വീകരിച്ചു.

പൊതു സമ്മേളനം സ്പീക്കർ പി ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഇ ടി മുഹമ്മദ് ബഷീർ അധ്യക്ഷത വഹിച്ചു.

എടപ്പാളിലെ സ്വകാര്യ ഐടിഐ സ്ഥാപനമായ വിക്ടറി ഐടിഐ എം.ഡിയും വിദ്യാർത്ഥികളും ചേർന്ന് മുഖ്യമന്ത്രിയുടെദുരിതാശ്വാസ നിധിയിലേക്കായി 50,000 രൂപയും മന്ത്രിക്ക്കൈമാറി.

ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടും ടി ടി ഐ യും സ്ഥാപിക്കണം

മങ്കട: പുഴക്കാട്ടിരിയിൽ പ്രവർത്തിക്കുന്ന ഗവ. ഐടിഐയും അങ്ങാടിപ്പുറത്ത് പ്രവർത്തിക്കുന്ന ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടും കർക്കിടകത്തെ നാടിപ്പാറയിൽ സ്ഥാപിക്കണമെന്ന് 'സൈൻ മങ്കട' എക്സിക്യൂട്ടിക്വ് യോഗം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. ദീർഘകാലാടിസ്ഥാനത്തിലൂള്ള മാസ്റ്റർ പ്ലാൻ തയാറാക്കി പ്രകൃതിക്ക് കോട്ടം തട്ടാത്ത രീതിയിൽ പദ്ധതികൾ ആവിഷ്കരിക്കണമെന്നും പ്രമേയത്തിൽ ആവശ്യപെട്ടു.

പ്രസിഡന്റ് ഗോപാലൻ മങ്കട അധ്യക്ഷത വഹിച്ചു. ഇഖ്ബാൽ മങ്കട, സി അശോകൻ, മുസ്തഫ മങ്കട, പി ജലാൽ ,മുനീർ മങ്കട, ബാവ, ടി ഫിറോസ്, ഹാരിസ്എന്നിവർ സംസാരിച്ചു. നാടിപ്പാറയിൽ കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി അനുയോജ്യമെന്ന് പൊതുമരാമത്ത് വകുപ്പ് റിപ്പോർട്ട് നൽകിയിട്ടുണ്ട്. പാറയായി കിടക്കുന്ന ഭൂമി കെട്ടിടം നിർമ്മാണത്തിന് അനുയോജ്യമാണോ എന്ന് റിപ്പോർട്ട് സമർപ്പിക്കാൻ ലാന്റ് റവന്യൂ കമ്മീഷൻ നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് മരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചത്. മങ്കട വില്ലേജിലെ നേരത്തെ സർക്കാർ മിച്ചഭൂമിയായി ഏറ്റെടുത്ത 48/1, 48/12 എന്നീ സർവ്വെ നമ്പറുകളിലുള്ള 3.8 ഏക്കർ ഭൂമിയിൽ നിന്നാണ് ഐ.ടി.ഐ.ക്ക് ആവശ്യമായ ഭൂമി കൈമാറുന്നതിന് സർക്കാർ നടപടികൾ പൂർത്തിയാക്കുന്നത്.

പ്രസ്തുത ഭൂമി ഐ.ടി.ഐ.ക്ക് കൈമാറുന്നതിന് അനുകൂലമായ റിപ്പോർട്ട് നേരത്തെ ജില്ലാ കലക്ടർ സർക്കാറിന് സമർപ്പിച്ചിരുന്നു. 20.36 ലക്ഷം രൂപയാണ് ഭൂമിയുടെ മൊത്തം വിലയായി നിശ്ചയിച്ചിട്ടുള്ളത്. തൊട്ടടുത്ത ആറ് പേരുടെ ആധാരങ്ങൾ പരിശോധിച്ച ശേഷമാണ് ഭൂമിയുടെ വില നിശ്ചയിച്ച് നൽകിയത്. സർക്കാറിന് സമർപ്പിച്ച അപേക്ഷയിൽ റവന്യൂ വകുപ്പും, ധനകാര്യ വകുപ്പും അനുമതി നൽകേണ്ടതുണ്ട്. 2009ലാണ് പുഴക്കാട്ടിരിയിൽ ഗവ: ഐ ടി ഐ ആരംഭിച്ചത്.

നിലവിൽ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത് വക വാടക കെട്ടിടത്തിലാണ് ഐടിഐ പ്രവർത്തിക്കുന്നത്. ഐടിഐക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്താൻ ഏറെക്കാലമായി പരിശ്രമിച്ച് വരികയായിരുന്നു. ഇതിനിടെ ടി എഅഹമ്മദ് കബീർ എംഎൽഎ യുടെ നിർദ്ദേശത്തെ തുടർന്നാണ് മങ്കട കർക്കിടകത്തെ നാടിപ്പാറ പരിഗണയിലേക്ക് വന്നത്. അതിനിടെ അങ്ങാടിപ്പുറത്ത് പ്രവർത്തിക്കുന്ന ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുംനാടിപ്പാറയിൽ സ്ഥലം വിട്ട് നൽകുന്നകാര്യം സർക്കാറിന്റെ പരിഗണനയിലാണ്.

അധ്യാപക നിയമനം

മലപ്പുറം: സമഗ്ര, ശിക്ഷാ ജില്ലാ പ്രോജക്ടിനു കീഴിൽ റിസോഴ്സ് അധ്യാപകരുടെ (എലിമെന്ററി) ഒഴിവുള്ള തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. 50 ശതമാനം മാർക്കോടെ ബിരുദവും സ്പെഷൽ എഡ്യുക്കേഷനിൽ ബി.എഡും ആർ.സി.ഐ രജിസ്ട്രേഷൻ നിലവിലുള്ളവരുമായവക്ക് അപേക്ഷിക്കാം. താൽപര്യമുള്ളവർ കൂടിക്കാഴ്ചക്കായി സെപ്തംബർ 24ന് രാവിലെ 10ന് മഞ്ചേരി ബി.ആർ.സിയിൽ അസ്സൽ രേഖകളുമായി എത്തണം.

മഴക്കെടുതി: കുടുംബശ്രീ അയൽക്കൂട്ടം അംഗങ്ങൾക്ക് പ്രത്യേക വായ്പ പദ്ധതി

മലപ്പുറം: കേരളത്തിലുണ്ടായമഴക്കെടുതിയിൽ നാശനഷ്ടം നേരിട്ട കുടുംബശ്രീഅയൽക്കൂട്ടംഅംഗങ്ങൾക്ക്ഒരുലക്ഷംരൂപ വരെവായ്പ ലഭ്യമാക്കുന്ന റിസർജന്റ്കേരള ലോൺ പദ്ധതിക്ക് തുടക്കമായി. പ്രകൃതിക്ഷോഭ ബാധിതർക്ക് സർക്കാർ പ്രഖ്യാപിച്ച 10000 രൂപയ്ക്ക് അർഹരായ കുടുംബശ്രീ അയൽക്കൂട്ടംഅംഗങ്ങൾക്ക് മാത്രമാണ് ഈ വായ്പ. വായ്പയുടെ ഒമ്പത് ശതമാനം വരെയുള്ള പലിശതുക സർക്കാർവഹിക്കും.

ഗൃഹോപകരണങ്ങളായ ടിവി, ഫ്രിഡ്ജ്, മിക്സി, ഗ്യാസ്റ്റൗ, കുക്കർ, കിടക്കകൾ, ഫർണിച്ചറുകൾഎന്നിവക്ക് പുറമെവീടിന്റെചെറിയഅറ്റകുറ്റ പണികൾക്കാവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനുമാണ് ഈ വായ്പ ഉപയോഗിക്കാനാവുക. ഇത്കൂടാതെ ഉപജീവനമാർഗ്ഗങ്ങളായിരുന്ന ആട്, കോഴിതുടങ്ങിയവവാങ്ങുന്നതിനും വായ്പ ഉപയോഗപ്പെടുത്താവുന്നതാണ്. ബാങ്കുകൾഅയൽക്കൂട്ടങ്ങൾക്ക്വായ്പയായി അനുവദിക്കുന്ന പരമാവധി തുകയായ 10 ലക്ഷംരൂപയിൽ നിന്നാണ്അംഗങ്ങളുടെ അപേക്ഷ പ്രകാരംഅയൽക്കുട്ടത്തിൽ നിന്ന്വായ്പ നൽകുന്നത്. അപേക്ഷകയുടെ വായ്പ തിരിച്ചടവിനുള്ളകഴിവ്, ആവശ്യപ്പെട്ട തുകക്കുള്ള നഷ്ടംഎന്നിവ ശരിയാണെന്ന്അയൽക്കുട്ടം പരിശോധിച്ച് ഒരുലക്ഷംവരെയാണ്വായ്പയായി നൽകുക. സ്വയംസഹായസംഘങ്ങൾക്ക് ബാങ്കുകൾ നൽകുന്ന വായ്പയായതിനാൽ അപേക്ഷകർക്ക് പ്രത്യേകംഈട് നൽകേണ്ടതില്ല. പകരം നാല്വർഷംകൊണ്ട്തിരിച്ചടക്കാവുന്ന ഈ വായ്പ കുടുംബശ്രീഅയൽക്കൂട്ടത്തിന്റെ ഈടിന്മേലാണ് ലഭ്യമാക്കുക. വായ്പ ലഭിക്കുന്നതിനായിഅയൽക്കൂട്ടത്തിന്റെഅക്കൗണ്ടുള്ള ബാങ്കിലാണ് അപേക്ഷ നൽകേണ്ടത്. വായ്പ ലഭിച്ചവർ പലിശഉൾപ്പടെയുള്ളതുകയാണ് മാസ ഗഡുക്കളായി അടക്കേണ്ടത്.

സർവകലാശാല ബി–സോൺ ബാഡ്മിന്റൻ; സി പി ഇ യൂണിവേഴ്സിറ്റി ചാമ്പ്യൻമാർ

മലപ്പുറം: കാലിക്കറ്റ് സർവകലാശാല ബി–സോൺ ബാഡ്മിന്റൻ ചാമ്പ്യൻഷിപ്പിൽ സി പി ഇ യൂണിവേഴ്സിറ്റി ജേതാക്കളായി. മമ്പാട് എം ഇ എസ് കോളേജിനെ തോൽപിച്ചാണ് ജേതാക്കളായത്. വിജയികൾക്ക് ഇ എം ഇ എ കോളേജ് പ്രിൻസിപ്പൽ ഡോ. അയ്യൂബ് കേയി ട്രോഫികൾ സമ്മാനിച്ചു. പ്രിയദർശിനി കോളേജ് കായികാധ്യാപകൻ എം അഭിജിത്ത് അധ്യക്ഷത വഹിച്ചു. മൂന്നു ദിവസങ്ങളിലായി 60 ൽപരം കോളേജുകൾ പങ്കെടുത്ത ചാമ്പ്യൻഷിപ്പിൽ മൂന്നാം സ്ഥാനം പി എസ് എം ഒ കോളേജ് തിരൂരങ്ങാടി, നാലാം സ്ഥാനം ഇ എം ഇ എ കോളേജ് കൊണ്ടോട്ടിയും കരസ്ഥമാക്കി. റഫീഖ് (എം ഇ എസ് കോളേജ് മമ്പാട്), ഹബീബ് റഹ്മാൻ (ഗ്വ. കോളേജ് കൊണ്ടോട്ടി), ഇ എം ഇ എ കോളേജ് കായികാധ്യാപകൻ ഷിഹാബുദ്ദീൻ പി ടി സംസാരിച്ചു.

സംസ്ഥാന സബ്ജൂനിയർ നെറ്റ്ബോൾ ചാമ്പ്യൻഷിപ്പ്: മലപ്പുറം സെമിയിൽ

അങ്ങാടിപ്പുറം: വയനാട്ടിലെ സുൽത്താൻ ബത്തേരിയിൽ നടക്കുന്ന സംസ്ഥാന സബ് ജൂനിയർ നെറ്റ്ബോൾ ചാമ്പ്യൻഷിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ആലപ്പുഴയെ പൊരുതിത്തോൽപ്പിച്ച് സെന്റ് മേരീസിന്റെ കുട്ടികൾ കളിച്ച മലപ്പുറം ടീം സെമിയിലെത്തി. സ്കോർ: 14–12. പെൺകുട്ടികളുടെ വാശിയേറിയ ക്വാർട്ടർ പോരാട്ടത്തിൽ ആതിഥേയരായ വയനാടിനെ 8 – 7 ന് തോൽപ്പിച്ച് സെന്റ് മേരീസിലെ മിടുക്കികളടങ്ങിയ മലപ്പുറം ടീം സെമിയിലെത്തി.

എൻ എസ് എസ് അവാർഡ്ദാനം

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാലയുടെ 2017–18 വർഷത്തെ എൻ എസ് എസ് അവാർഡുകൾ പ്രഖ്യാപിച്ചു. മികച്ച എൻ എസ് എസ് യൂണിറ്റ്/പ്രോഗ്രാം ഓഫീസർ, മികച്ച എൻ എസ് എസ് വളണ്ടിയർമാർ എന്നിവർക്കാണ് അവാർഡുകൾ. സെപ്തംബർ 28ന് അവാർഡ് ദാനവും ലഹരിവിരുദ്ധ സെമിനാറും സംഘടിപ്പിക്കും. പരിപാടിയുടെ ഉദ്ഘാടനം രാവിലെ പത്ത് മണിക്ക് സർവകലാശാലാ സെമിനാർ കോംപ്ലക്സിൽ എക്സൈസ് കമ്മീഷണർ ഋഷിരാജ് സിംഗ് നിർവഹിക്കും. സർവകലാശാലാ എൻ എസ് എസ്, കേരള വിമുക്തി മിഷന്റെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

പഠനോപകരണങ്ങൾ നൽകി

കഴിശ്ശേരി: പ്രളയ ദുരിതത്തിൽപെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകി സ്കൂൾ കുട്ടികൾ. കിഴിശ്ശേരി ഇസ്സത്ത് ഹയർസെക്കൻഡറി സ്കൂളിലെ കുട്ടികളാണ് വയനാട് വടുവൻചാൽ ഗവൺമെന്റ് ഹൈസ്കൂളിലെ കുട്ടികൾക്ക് നോട്ടുബുക്കുകളും പേനയും സമാഹരിച്ച് നല്കിയത്. മുന്നൂറോളം നോട്ടുബുക്കുകളും പേനയും പെൻസിലും സമാഹരിച്ച കുട്ടികൾ സ്കൂളിലെത്തി നേരിട്ട് കൈമാറി. വടുവൻചാൽ സ്കൂൾ അധ്യാപകരായ വി പി അരുഷ്, കെ എസ് സരിത, മഴവിൽ ക്ലബ്ബ് അംഗങ്ങളായ മുഹമ്മദ് റിഷാൻ, ത്വാഹിർ സമാൻ, ബാസിത്ത്, ഖമറുൽ ഇസ്ലാം മിസ്ബാഹി, റഷീദ് ജമാൽ, ജാഫർ ബുഖാരി എന്നിവർ സംബന്ധിച്ചു.

ശുചീകരണ പ്രതിരോധ പ്രവർത്തനം നടത്തി

അങ്ങാടിപ്പുറം: തരകൻ ഹൈസ്കൂളിലെ ജെ ആർ സിയുടെയും ആരോഗ്യ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ശുചീകരണ പ്രതിരോധ പ്രവർത്തനം നടത്തി. ജെ ആർ സി അംഗങ്ങൾ നൂറോളം വീടുകൾ സന്ദർശിക്കുകയും ശുചീകരണ ബോധവത്ക്കരണം നടത്തുകയും കിണർ വെള്ളം ക്ലോറിനേഷൻ നടത്തുകയും ചെയ്തു. തരകൻ ഹൈസ്കൂൾ പ്രധാനാധ്യാപകൻ സാബു ജെ ആറുപറയിൽ ഉദ്ഘാടനം ചെയ്തു. അങ്ങാടിപ്പുറം ഹെൽത്ത് ഇൻസ്പെക്റ്റർമാരായ മൂസക്കോയ, സുനിൽകുമാർ ക്ലാസെടുത്തു. ജെ ആർ സി അധ്യാപകരായ രഞ്ജിത്ത് നോബിൾ, നീതു രഞ്ജിത എന്നിവർ സംബന്ധിച്ചു.

വെളിച്ചം പദ്ധതിക്ക് തുടക്കം കുറിച്ചു

കോട്ടക്കൽ: കോട്ടൂർ എ കെ എം ഹയർ സെക്കഡറി എൻ എസ് എസ് യൂണിറ്റും ഊർജ്ജ ക്ലബ്ബും സംയുക്തമായി 'വെളിച്ചം 2018' പദ്ധതിക്ക് തുടക്കം കുറിച്ചു. ഈ പദ്ധതിയിലൂടെ വിദ്യാർത്ഥികൾ സ്വയം എൽ ഇ ഡി ബൾബ് നിർമ്മിച്ച് പ്രളയബാധിത മേഖയിലേക്ക് നൽകും. പദ്ധതി പ്രധാന അധ്യാപകൻ ബഷീർ കുരുണിയൻ ഉദ്ഘാടനം ചെയ്തു.

എനർജി മാനേജ്മെന്റ് ജോയന്റ് കോർഡിനേറ്റർ പി സാബിർ വിദ്യാർത്ഥികൾക്കായി ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകതയെയും എൽ ഇ ഡി നിർമ്മാണ രീതിയെയും കുറിച്ച് ക്ലാസ് എടുത്തു. അലി കടവണ്ടി, പോഗ്രാം ഓഫീസർ മുഹമ്മദ് കുട്ടി, ഊർജ്ജ ക്ലബ്ബ് കൺവീനർ ഫാത്തിമ ഫർസാന, അധ്യാപകരായ എൻ കെ ഫൈസൽ, കെ നിജ എന്നിവർ സംസാരിച്ചു. വിദ്യാർത്ഥികളായ കെ മുഹമ്മദ് ഫവാസ്, പി ദേവിക കൃഷ്ണ, വി ശിവാനി, കെ ഹിബ, ടി ഷെസ് മീൻ റാഫി എന്നിവർ നേതൃത്വം നൽകി.

ആതവനാട് ഗവ. എച്ച് എസ് എസ് കെട്ടിടോദ്ഘാടനം

മലപ്പുറം: ആതവനാട് മാട്ടുമ്മൽ ഗവ. ഹയർസെക്കൻഡറി സ്കൂളിൽ പണിത കെട്ടിടത്തിന്റെയും എൻ എസ് എസ് ഓഫീസിന്റെയും ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് എ പി ഉണ്ണികൃഷ്ണൻ നിർവ്വഹിച്ചു. ജില്ലാ പഞ്ചായത്ത് അംഗം കെ എം സുഹറ അധ്യക്ഷത വഹിച്ചു. പി ടി എ പ്രസിഡണ്ട് പി വിജയൻ, മെമ്പർ കുഞ്ഞിമുഹമ്മദ്, പൂർവ്വ വിദ്യാർത്ഥി സംഘടനാ പ്രസിഡണ്ട് യാഹു കൂടശ്ശേരി, പ്രധാനാധ്യാപകൻ ഹരികുമാർ, എൻ എസ് എസ് കോ–ഓർഡിനേറ്റർ കെ ശ്രീകാന്ത്, പ്രിൻസിപ്പാൾ ഇ ടി ദീപ, സ്റ്റാഫ് സെക്രട്ടറി എസ് രാജീവ് എന്നിവർ സംസാരിച്ചു.

ഡങ്കിപ്പനി പ്രതിരോധ ബോധവത്കരണം

ചെമ്മങ്കടവ്: പി എം എസ് എ എം എ ഹയർസെക്കൻഡറി സ്കൂളിലെ സ്കൗട്ട് യൂണിറ്റ് ഡങ്കിപ്പനി പ്രതിരോധ ബോധവത്കരണം നടത്തി. സ്കൂൾ പരിസരത്തെ വീടുകൾ സന്ദർശിച്ച്, ലഘുലേഖകൾ നൽകിയും കൊതുകിന്റെ ഉറവിട നശീകരണ മാർഗങ്ങൾ പരിശീലിപ്പിച്ചുമാണ് ബോധവത്കരണം സംഘടിപ്പിച്ചത്. ബോധവത്കരണ പരിപാടി ഗ്രാമപ്പഞ്ചായത്ത് അംഗം എം ടി ബഷീർ ഉദ്ഘാടനം ചെയ്തു. പി ടി എ പ്രസിഡന്റ് എൻ കുഞ്ഞിതു അധ്യക്ഷത വഹിച്ചു. സ്കൗട്ട് അധ്യാപകൻ സി എസ് വരുൺ, ടീംലീഡർ നഹീം എന്നിവർ നേതൃത്വം നൽകി.

അനുസ്മണരണവും പ്രാർത്ഥന സംഗമവും ഇന്ന്

മലപ്പുറം: സമസ്ത കേരള ജംഇയ്യത്തുൽ ഉലമ കേന്ദ്ര മുശാവറ അംഗവും സമസ്ത ജില്ലാ ജനറൽ സെക്രട്ടറിയുമായിരുന്ന പി കുഞ്ഞാണി മുസ്ലിയാർ, സമസ്ത കേന്ദ്ര മുശാവറ അംഗം എസ് എം കെ തങ്ങൾ, സമസ്ത ജില്ലാ മുശാവറ അംഗം സുലൈമാൻ ഫൈസി മാളിയേക്കൽ, സൈത് മുഹമ്മദ് നിസാമി എന്നിവരുടെ അനുസ്മരണവും പ്രാർത്ഥന സംഗമവും ഇന്ന് ഉച്ചക്ക് ശേഷം 3 മണിക്ക് മലപ്പുറം സുന്നി മഹലിൽ നടക്കും. പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും. സമസ്ത കേന്ദ്ര മുശാവറ അംഗങ്ങൾ, സമസ്തയുടെയും കീഴ്ഘടകങ്ങളുടെയും ജില്ലാ ഭാരവാഹികൾ പ്രാർത്ഥന സംഗമത്തിന് നേതൃത്വം നൽകും.

ലോഗോ പ്രകാശനം ചെയ്തു

പെരിന്തൽമണ്ണ: അങ്ങാടിപ്പുറം തളി മഹാദേവ ക്ഷേത്രത്തിലെ ആരാധന സ്വാതന്ത്ര്യദിനം അൻപതാം വാർഷികാഘോഷങ്ങളുടെ ലോഗോ പ്രകാശനം ചെയ്തു. സ്വാഗത സംഘം ചെയർമാൻ ഡോ. സി എം രാജൻ മഞ്ചേരി തളി ക്ഷേത്ര ഭരണ സമിതി പ്രസിഡണ്ട് എൻ എം കദംബൻ നമ്പൂതിരിപ്പാടിന് ലോഗോ നൽകി പ്രകാശനം നിർവ്വഹിച്ചു. ആഘോഷങ്ങളുടെ ഭാഗമായി ഒക്ടോബർ 19 മുതൽ നവംബർ 19 വരെയുള്ള കാലയളവിൽ മലപ്പുറം ജില്ലയിലെ മൂന്നു ലക്ഷം വീടുകളിൽ തളി ക്ഷേത്ര സമര ചരിത്ര വിവരം അടങ്ങിയ ലഘുലേഖകളടക്കം ഗൃഹസംബർക്കം നടത്താൻ തീരുമാനിച്ചു. എൻ സി വി നമ്പൂതൂരി, കേരള ക്ഷേത്ര സംരക്ഷണ സമിതി ജില്ലാ സെക്രട്ടറി കെ എ മോഹനൻ, ജില്ലാ പ്രസിഡണ്ട് കെ പി ശിവരാമൻ, ടി പി സുധീഷ് എന്നിവർ സംസാരിച്ചു.

അപേക്ഷ ക്ഷണിച്ചു

മലപ്പുറം: അരിവാൾ രോഗം ബാധിതരായ ഒ.ബി.സി വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് / രോഗികളുടെ രക്ഷിതാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുതിനുള്ള പദ്ധതിക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് അപേക്ഷ ക്ഷണിച്ചു. പിന്നാക്ക വിഭാഗത്തിൽപ്പെ' 50 വയസ്സിന് താഴെയുള്ളവരും രണ്ട് ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്കും അപേക്ഷിക്കാം. വിവരങ്ങളും അപേക്ഷാ ഫോറവും www.eep.bcdd.kerala.gov.in ൽ ലഭിക്കും. ഫോ 0495 2377786.

എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം

മലപ്പുറം: പിന്നാക്ക വിഭാഗങ്ങളിൽപ്പെ' ഉദ്യോഗാർഥികൾക്കും വിദ്യാർഥികൾക്കും കേന്ദ്രസംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുതിനുള്ള വിവിധ മത്സര പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന എംപ്ലോയബിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. മെഡിക്കൽ / എഞ്ചിനീയറിങ് എൻട്രൻസ്, ബാങ്കിങ് സർവീസ് തുടങ്ങിയ വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലനത്തിന് മികച്ച റിസൽട്ട്' സൃഷ്ടിച്ച സ്ഥാപനങ്ങളിൽ പ്രവേശനം നേടിയിട്ടുള്ളവർക്ക് അപേക്ഷിക്കാം. വിശദ വിവരങ്ങൾക്ക് 0495 2377786 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

സാലറി ചാലഞ്ച്: കെ ജി ഒ യു പ്രതിഷേധിച്ചു

മലപ്പുറം: പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ ജീവനക്കാരുടെ ഒരു മാസ ശമ്പളം ഓഫീസ് മേധാവികൾ, ഡിഡിഒ മാർ, ചില ഭരണപക്ഷ സർവ്വീസ് സംഘടനാ നേതാക്കൾ എന്നിവരെ ഉപയോഗിച്ച് സമ്മർദ്ദം ചെലുത്തി പിടിച്ചെടുക്കാൻ ശ്രമിക്കുന്ന സർക്കാർ നീക്കത്തിൽ കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ ജില്ലാ കമ്മിറ്റി പ്രതിഷേധിച്ചു. ഇത്തരം നടപടികൾ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഒറ്റക്കെട്ടായി പ്രവർത്തിച്ച ജീവനക്കാരെ തമ്മിലടിപ്പിക്കാനും ഓഫീസുകളുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാനും മാത്രമേ ഉപകരിക്കുകയുള്ളൂവെന്ന് യോഗം വിലയിരുത്തി. പ്രളയത്തിൽ സർവ്വതും നഷ്ടപ്പെട്ട ഒട്ടനവധി സർക്കാർ ജീവനക്കാരുണ്ട്. അവരെ പോലും സാലറി ചാലഞ്ചിൽ നിന്നും ഒഴിവാക്കാൻ സർക്കാർ തയ്യാറായിട്ടില്ല. ഓരോ ജീവനക്കാരനും അവരവരുടെ കഴിവിനനുസരിച്ച് തുക സംഭാവന നൽകാനുള്ള അവസരമാണ് സർക്കാർ സൃഷ്ടിക്കേണ്ടതെന്നും യോഗം ആവശ്യപ്പെട്ടു. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പ്രശംസനീയമായ സേവനം നടത്തിയ കെ ജി ഒ യു നേതാക്കളായ കൊണ്ടോട്ടി തഹസിൽദാർ കെ ദേവകി, പൊന്നാനി തഹസിൽദാർ പി അൻവർസാദത്ത് എന്നിവരെ യോഗം അനുമോദിച്ചു. ജില്ലാ പ്രസിഡണ്ട് സി ബ്രിജേഷ് അധ്യക്ഷത വഹിച്ചു. സെക്രട്ടറി ബാബു വർഗ്ഗീസ്, ട്രഷറർ കെ പി പ്രശാന്ത്, ടി മുരളി, പി രാജേന്ദ്രൻ, എ ജിനേഷ്, പി ടി അബ്രഹാം സംസാരിച്ചു.

കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈന്റ്
മലപ്പുറം ജില്ലാ കമ്മിറ്റി
നേതൃത്ത്വ പരിശീലന
ഏകദിന ശിൽപശാല
20.9.2018 –10 AM

കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈന്റ് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ താലൂക്ക് ഭാരവാഹികൾക്കായി നടത്തിയ ഏകദിന ശിൽപശാല മുനിസിപ്പൽ വൈസ് ചെയർമാൻ പെരുമ്പള്ളി സൈത് ഉദ്ഘാടനം ചെയ്യുന്നു

കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈന്റ് നേതൃത്വ പരിശീലന ശിൽപശാല നടത്തി

മലപ്പുറം: കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈന്റ് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ താലൂക്ക് ഭാരവാഹികൾക്കായി ഏകദിന ശിൽപശാല നടത്തി. മുനിസിപ്പൽ വൈസ് ചെയർമാൻ പെരുമ്പള്ളി സൈത് ഉദ്ഘാടനം ചെയ്തു.നെഹ്റു യുവ കേന്ദ്ര യൂത്ത് കോ–ഓർഡിനേറ്റർ കെ കുഞ്ഞിമുഹമ്മദ് അധ്യക്ഷത വഹിച്ചു. കെ എഫ്ബി സംസ്ഥാന വൈസ് പ്രസിഡണ്ട് സി ഹബീബ്, സെക്രട്ടറി ഉണ്ണികൃഷ്ണൻ, യൂത്ത് ഫോറം സംസ്ഥാന പ്രസിഡണ്ട് സുധീർ, ജില്ലാ പ്രസിഡണ്ട് കെ അബ്ദുൽ അസീസ്, സെക്രട്ടറി കെ ഗോപാലകൃഷ്ണൻ, വൈസ് പ്രസിഡണ്ട് എ അബ്ദുൽ ഗഫൂർ, വിസ്മയ ക്ലബ്ബ് സെക്രട്ടറി സമദ് എന്നിവർ സംസാരിച്ചു.

വിവിധ വിഷയങ്ങളിൽ ഹമീദ് കുനിയിൽ, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ ഫസൽപുള്ളത്ത്, ഡോ. സി ഹബീബ് എന്നിവർ പ്രബന്ധമവതരിപ്പിച്ചു. സംഘടന എന്റെ കാഴ്ചപ്പാടിൽ എന്ന വിഷയത്തിൽ ഓപ്പൺ ഫോറം സംഘടിപ്പിച്ചു. ജില്ലാ പ്രസിഡണ്ട് കെ അബ്ദുൽ അസീസ്, സെക്രട്ടറി ഗോപാലകൃഷ്ണൻ, വൈസ് പ്രസിഡണ്ട് പി അബ്ദുൽ ഗഫൂർ, ജോയിന്റ് സെക്രട്ടറി പി ജയപാലൻ, ട്രഷറർ ഹമീദ് കുനിയിൽ, കെ കെ ചേക്കുട്ടി എന്നിവർ നേതൃത്വം നൽകി.

പെരിന്തൽമണ്ണ മണ്ഡലത്തിലെ റോഡുകൾക്ക് 1.34 കോടി രൂപ അനുവദിച്ചു

പെരിന്തൽമണ്ണ: പ്രളയത്തിലും കാലവർഷക്കെടുതിയിലും തകർന്ന നിയോജകമണ്ഡലത്തിലെ പി ഡബ്ല്യുഡി റോഡുകൾക്ക് 1 കോടി 34 ലക്ഷംരൂപ അനുവദിച്ചതായി മഞ്ഞളാംകുഴി അലി എം എൽ എ അറിയിച്ചു. തകർന്ന റോഡുകളുടെ നവീകരണത്തിനും ഡ്രൈനേജിനും അറ്റകുറ്റ പണികൾക്കുമാണ് ഫണ്ട് അനുവദിച്ചത്. മാനത്ത്മംഗലം–മണ്ണാർമല റോഡ് –4.5 ലക്ഷം, ചെറുകര–മുതുകുർശ്ശി റോഡ് –2 ലക്ഷം, തൂത–വെട്ടത്തൂർ റോഡ് –1.5 ലക്ഷം, ആനമങ്ങാട്–മണലായ–മുതുകുർശ്ശി റോഡ്–10 ലക്ഷം, മേലാറ്റൂർ–മണിയാണീരിക്കടവ്– പാണ്ടിക്കാട് റോഡ് –അര ലക്ഷം, താഴേക്കോട് പള്ളിപ്പടി–ബിടാത്തി റോഡ് –3 ലക്ഷം, കീഴാറ്റൂർ– ചെമ്മാണിയോട് റോഡ് –2 ലക്ഷം, മരുത–ഒടമല റോഡ് –2 ലക്ഷം, മുതിരമണ്ണ–അയിലംപറമ്പ റോഡ് –2 ലക്ഷം, ആനമങ്ങാട്–ചെറുകര റോഡ് –4 ലക്ഷം, പൂവത്താണി– പള്ളിക്കുന്ന്–കാമ്പ്രം മണ്ണാത്തിക്കടവ് റോഡ് –6 ലക്ഷം, വട്ടപറമ്പ– പാറക്കണ്ണി വില്ലേജ്ഓഫീസ് റോഡ് –8 ലക്ഷം, ആഞ്ഞിലങ്ങാടി–മേലാറ്റൂർ റോഡ്– അര ലക്ഷം, പാലക്കാട്– പെരിന്തൽമണ്ണ റോഡിൽ തൂത ജംങ്ഷൻ– 5 ലക്ഷം, പെരിന്തൽമണ്ണ മാനത്ത്മംഗലം ബൈപ്പാസ് റോഡിൽ (റീച്ച് 1) ഡ്രൈനേജ് നിർമ്മാണം –25 ലക്ഷം, മാനത്ത്മംഗലം ജംങ്ഷനു സമീപം മുണ്ടത്ത്പാലം കൾവർട്ട് നവീകരണം –6 ലക്ഷം, പെരുമ്പിലാവ്– നിലമ്പൂർ റോഡിൽ കാര്യവട്ടത്തിന് സമീപം തകർന്ന കൾവർട്ട് നിർമ്മാണം –15 ലക്ഷം, പുലാമന്തോൾ–കൊളത്തൂർ റോഡിൽ 2–ാം മൈലിൽ കൾവർട്ടും ഡ്രൈനേജും പുനർനിർമ്മാണം –25 ലക്ഷം, ആഞ്ഞിലങ്ങാടി –മേലാറ്റൂർ റോഡിൽ തകർന്ന കൾവർട്ടിന്റെയും ഡ്രൈനേജിന്റെയും പുനർ നിർമ്മാണം– 8 ലക്ഷം, ചെറുകര–മുതുകുർശ്ശി റോഡിൽ തകർന്ന റീട്ടൈനിംഗ്വാൾ പുനർ നിർമ്മാണം –4 ലക്ഷം എന്നിങ്ങനെയാണ് തുക അനുവദിച്ചത്.

മേൽ പറഞ്ഞ 20 പ്രവർത്തികളുടെയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് അടിയന്തിരമായി നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നിർദേശം നൽകിയതായി എം എൽ എ പറഞ്ഞു.

ദുരിതാശ്വാസ നിധിയിലേക്ക് ധനശേഖരണാർത്ഥം ചെറുകര ടോൺ മ്യൂസിക്ക് അക്കാദമിയുടെ നേതൃത്വത്തിൽ ഗാനമേള അവതരിപ്പിച്ച് ഫണ്ട് ശേഖരിക്കുന്നു

വാഹനാപകടങ്ങളിൽ നിരവധി പേർക്ക് പരുക്ക്

പെരിന്തൽമണ്ണ: മംഗലാപുരത്ത് കാറും ബൈക്കും കൂട്ടിയിടിച്ചു മലപ്പുറം മണലിപ്പുഴ തെയ്യാല നന്നാട്ടു അനസ് (20), നാട്ടുകല്ലിൽ ബൈക്കും കാറും കൂട്ടിയിടിച്ചു കൊടക്കാട് മുട്ടിക്കൽ അജിത് (19), അരീക്കോട് വെള്ളിയേരിയിൽ ബൈക്ക് മറിഞ്ഞു വെള്ളേരി ചെങ്ങറ മൊയ്തീൻ (60), മണ്ണാർക്കാട് വടക്കേമണ്ണയിൽ ബൈക്കുകൾ കൂട്ടിയിടിച്ചു ചെങ്ങലീരി പലതോണിയിൽ മുഹമ്മദ് ജാബിർ (24), ചെറുകുളമ്പിൽ ബൈക്ക് മറിഞ്ഞു ചാപ്പനങ്ങാടി വെളുക്കുന്നത് കാസിം (65), പാലക്കാട് ഹൈവയിൽ ബൈക്ക് മറിഞ്ഞു പെരുവള്ളൂർ പുതിയപറമ്പൻ അലി അസ്കർ (24) എന്നിവരെ പരിക്കുകളോടെ കിംസ് അൽഷിഫ വആശുപത്രിയിലും തൃത്താലക്കടുത്ത് മുടവന്നൂരിൽ വെച്ച് ബൈക്കുകൾ കൂട്ടിമുട്ടി മേഴത്തൂർ സ്വദേശി അടം പുറത്ത് വീട്ടിൽ ഗോവിന്ദന്റെ മകൾ മാളവിക (6), തൂതയിൽ വെച്ച് ബസും ബൈക്കും കൂട്ടിമുട്ടി വാഴേങ്കട സ്വദേശി തൈകോട്ടിൽ വീട്ടിൽ അബ്ദുൾ ഖാദർ (30)ഷ പാലോട് സ്വദേശി വളയൻകാട്ടിൽ അബ്ദുൾ നാസർ (30), കൊഷത്തുവെച്ച് ലോറിയും വാനും കൂട്ടിമുട്ടി ഉപ്പട സ്വദേശി മുല്ലങ്ങൽ നിസാർ (28), പാലേമാട് സ്വദേശി കുന്നുമ്മൽ മുഹമ്മദ് മുനീഫ് (18) എന്നിവരെ പരിക്കുകളോടെ മൗലാന ആശുപത്രിയിലും പ്രവേശിപ്പിച്ചു.

ദുരിതാശ്വാസ ഫണ്ടിലേക്ക് തുക കൈമാറി

പെരിന്തൽമണ്ണ: മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ ഫണ്ടിലേക്ക് ഓറ ഗ്ലോബൽ സ്കൂൾ വിദ്യാർത്ഥികൾ സമാഹരിച്ച 90,454 രൂപയുടെ ഡ്രാഫ്റ്റ് ജില്ലാ കലക്ടർക്ക് വിദ്യാർത്ഥികൾ കൈമാറി. സ്കൂൾ ഡയറക്ടർ കെ പി എം സക്കീർ, വൈസ് പ്രിൻസിപ്പാൾ ഷംല സലിം, സ്കൂൾ മാനേജർ കൃഷ്ണ സ്വരൂപ്, കാഷ്യർ ബിനേഷ് എന്നിവർ സംബന്ധിച്ചു.

വെന്നിയൂർ: ജി എം യു പി സ്കൂളിലെ കുട്ടികളിൽ നിന്ന് വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിലേക്ക് സ്വരൂപിച്ച 50,000 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിദിയിലേക്ക് നൽകി.

ഗാനമേള അവതരിപ്പിച്ച് ഫണ്ട് ശേഖരിച്ചു

പെരിന്തൽമണ്ണ: മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ നിധിയിലേക്ക് ധനശേഖരണാർത്ഥം ചെറുകര ടോൺ മ്യൂസിക്ക് അക്കാദമിയുടെ നേതൃത്വത്തിൽ ഗാനമേള അവതരിപ്പിച്ച് ഫണ്ട് ശേഖരിച്ചു. അക്കാദമി അധ്യാപകരും വിദ്യാർത്ഥികളും ജില്ലയിടുനീളം ഗാനമേള അവതരിപ്പിച്ചാണ് ഫണ്ട് ശേഖരിച്ചത്.

മുളദിനം ആഘോഷിച്ചു

മലപ്പുറം: എം എസ് പി ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ എസ് പി സി യൂണിറ്റും ഒയിസ്ക ജില്ലാ കമ്മിറ്റിയും ചേർന്ന് മുളദിനം ആഘോഷിച്ചു. എസ് പി സി വിദ്യാർത്ഥികൾ തയ്യാറാക്കിയ മുളയരിപ്പായസ വിതരണവും നടന്നു. എസ് പി സി ജില്ലാ അസിസ്റ്റന്റ് നോഡൽ ഓഫീസർ കൃഷ്ണദാസൻ ഉദ്ഘാടനം ചെയ്തു. പ്രധാനാധ്യാപിക ടി ജി അനിൽ, എം കെ കൃഷ്ണപ്രസാദ്, കെ പി രാംദാസ്, കെ എം അബ്ദുൾ വഹാബ്, എൻ സീനത്ത്, ഡ്രിൽ ഇൻസ്ട്രക്ടർ മുകേഷ്, ദാമോദരൻ, ഉസ്മാൻ ഇരുമ്പൂഴി എന്നിവർ സംസാരിച്ചു.

പഞ്ചായത്ത് ഓഫീസിനു മുമ്പിൽ യു ഡി എഫ് അംഗങ്ങൾ കുത്തിയിരുപ്പ് സമരം നടത്തി

എടപ്പാൾ: പെൻഷൻ നിഷേധിക്കപ്പെട്ട മുഴുവൻ പേർക്കും പെൻഷൻ പുനഃസ്ഥാപിക്കുക, ലൈഫ് ഗുണഭോക്താക്കൾക്ക് രണ്ടാം ഘട്ടം ഫണ്ട് വിനിയോഗം ചെയ്യുക, ഭവനരഹിതരായ മുഴുവൻ പേർക്കും വീട് നൽകുക, പഞ്ചായത്ത് ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തുക, തെരുവ് നായ ശല്യത്തിന് ഉടൻ പരിഹാരം കാണുക, പഞ്ചായത്ത് നിർദേശ പ്രകാരം വീടുകളിൽ ശേഖരിച്ച മാലിന്യം പഞ്ചായത്ത് സ്വീകരിക്കുക എന്നീ കാര്യങ്ങൾ ഉയർത്തി പിടിച്ചു കൊണ്ട് വട്ടംകുളം പഞ്ചായത്ത് പടിക്കൽ യു ഡി എഫ് അംഗങ്ങളായ പത്തിൽ അഷ്റഫ്, എം എ നജീബ് വട്ടംകുളം, കഴുങ്കിൽ മജീദ് നെല്ലിശ്ശേരി, രഞ്ജുഷ സുരേഷ്, ഷാജി മോൾ മാണൂർ, അമീന അബ്ബാസ്, എ വി സീനത്ത് ചിറ്റഴിക്കുന്നു എന്നിവർ കുത്തിയിരിപ്പ് സമരം നടത്തി. ഈ വിഷയങ്ങൾ പഞ്ചായത്ത് ബോർഡ് യോഗത്തിൽ അവതരിപ്പിച്ചപ്പോൾ വ്യക്തമായ മറുപടി ലഭിക്കാതെ വന്നപ്പോഴാണ് പ്രതിപക്ഷത്തിന് കുത്തിയിരിപ്പു സമരം നടത്തേണ്ടി വന്നത്.

വനം വകുപ്പിന്റെ അവഗണന; കനോലി പ്ലോട്ടിലെത്തുന്ന ടൂറിസ്റ്റുകൾ പ്രാഥമികാവശ്യത്തിന് സൗകര്യമില്ലാതെ ബുദ്ധിമുട്ടുന്നു

നിലമ്പൂർ: നിലമ്പൂരിലെ കനോലി പ്ലോട്ടിൽ ചാലിയാറിന്റെ വശ്യതയും ലോകത്തിലെ ഏറ്റവും പഴക്കമേറിയ തേക്ക് പ്ലാന്റേഷനും കാണാൻ ദിനംപ്രതി എത്തുന്നത് നൂറുകണക്കിനാളുകളാണ്. തദ്ദേശീയരും വിദേശികളുമായി ഇവിടെ വരുന്നവർക്ക് മൂത്രമൊഴിക്കണമെങ്കിൽ ആകെയുള്ളത് ഒരു ശുചി മുറി മാത്രമാണ്. രണ്ടെണ്ണമുണ്ടെങ്കിലും ഒരെണ്ണം തുറക്കാറില്ല. മിക്കവാറും ദൂരസ്ഥലങ്ങളിൽ നിന്ന് ടൂറിസ്റ്റ് ബസ്സുകളിലാണ് കൂടുതൽ ടൂറിസ്റ്റുകളും എത്താറ്. മണിക്കൂറായുള്ള യാത്രക്ക് ശേഷം ശുചി മുറിയിൽ പോകാൻ തോന്നിയാൽ ഒരു രക്ഷയുമില്ല. സ്ത്രീകളും കുട്ടികളുമാണ് ഏറെ കഷ്ടപ്പെടുന്നത്. ഇവിടെ പ്രവേശന പാസിന് ഒരാൾക്ക് 25 രൂപയാണ്. വിദേശികളാണെങ്കിൽ നിരക്ക് കൂടും. കുട്ടികൾക്കും ഫീസ് നിർബന്ധം. ക്യാമറക്ക് 25 രൂപ. ഇങ്ങനെയൊക്കെ വരുമാനമുണ്ടായിട്ടും നല്ലൊരു കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കാൻ വനം വകുപ്പ് തയ്യാറായിട്ടില്ല.

പ്രതിദിനം പതിനായിരം രൂപയോളം ഇവിടെ വരുമാനമുണ്ട്. എന്നിട്ടും വനംവകുപ്പിന്റെ അനുകമ്പ ഇല്ലെന്ന് മാത്രം. എടവണ്ണ റേഞ്ച് ഓഫിസിന്റെ കീഴിലാണീ ടൂറിസ്റ്റ് കേന്ദ്രം.

ആഘോഷച്ചെലവ് ആലംബഹീനർക്കായി മാറ്റിവെച്ച് ക്ഷേത്ര കമ്മിറ്റി മാതൃകയായി

കൊണ്ടോട്ടി: ഈ വർഷത്തെ ശ്രീകൃഷ്ണ ജയന്തി ശോഭയാത്രയും മറ്റ് ആഘോഷങ്ങളും മാറ്റിവെച്ച് ലളിതമായി ചടങ്ങുകൾ നടത്തി ആഘോഷത്തിനായി വിശ്വാസികൾ നൽകിയ പണം പ്രളയ ദുരന്തമനുഭവിച്ച ആലംബഹീനർക്ക് നൽകി ക്ഷേത്ര ക്കമ്മിറ്റി മാതൃകയായി.

ശ്രീകൃഷ്ണ ജയന്തിയുടെ ഭാഗമായി യുവജന സമിതിയുടെ നേതൃത്വത്തിൽ വീടുകൾ തോറും കയറിയിറങ്ങി സ്വരൂപിച്ച തുകയാണ് പുളിക്കൽ വലിയപറമ്പ് ശ്രീധർമ്മശാസ്താ ക്ഷേത്രപരിപാലന സമിതി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയത്. പണം ദുരിതാശ്വാസ നിധിയിലേക്കയക്കാനായി ക്ഷേത്ര കമ്മിറ്റി പ്രസിഡണ്ട് എ സേതുമാധവൻ നായർ പുളിക്കൽ സർവ്വീസ് സഹകരണ ബേങ്കിന്റെ വലിയപറമ്പ് ബ്രാഞ്ച് മാനേജർ കെ വി ഹമീദിന് കൈമാറി.

കമ്മിറ്റി ഭാരവാഹികളായ എം വി എ വിജയൻ മാസ്റ്റർ, എ അജീഷ്, എൻ സത്യൻ, ഒ കുഞ്ഞാത്തൻ, എ സന്തോഷ്, എൻ സിബിൻ ലാൽ എന്നിവർ സംബന്ധിച്ചു.

പുളിക്കൽ വലിയപറമ്പ് ശ്രീധർമ്മശാസ്താ ക്ഷേത്രപരിപാലന സമിതി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകുന്ന സഹായധനം ക്ഷേത്ര കമ്മിറ്റി പ്രസിഡണ്ട് എ സേതുമാധവൻ നായർ പുളിക്കൽ സർവ്വീസ് സഹകരണ ബേങ്കിന്റെ വലിയ പറമ്പ് ബ്രാഞ്ച് മാനേജർ കെ വി ഹമീദിന് കൈമാറുന്നു

മങ്കട മണ്ഡലത്തിലെ റോഡുകൾ നന്നാക്കാൻ 1.27 കോടി രൂപ

മങ്കട: മണ്ഡലത്തിലെ തകർന്ന മരാമത്ത് റോഡുകൾ നവീകരിക്കുന്നതിന് 1.27 കോടി രൂപ അനുവദിച്ചതായി ടി എ അഹമ്മദ് കബീർ എം എൽ എ അറിയിച്ചു. തിരൂർക്കാട്– ആനക്കയം റോഡ്– 24 ലക്ഷം, അങ്ങാടിപ്പുറം– വളാഞ്ചേരി റോഡ് – 15 ലക്ഷം. പൂപ്പലം ഫിഷ് മാർക്കറ്റിന് സമീപം തകർന്ന ഭാഗം പൂട്ടുകട്ട പതിക്കുന്നതിന് – 25 ലക്ഷം. കൊളത്തൂർ– കൂട്ടിലങ്ങാടി റോഡ്– 10 ലക്ഷം. വെങ്ങാട്– ചെമ്മലശ്ശേരി റോഡ് – 3 ലക്ഷം. കൂട്ടിൽ– പട്ടിക്കാട് റോഡ് – 3 ലക്ഷം. കൊളത്തൂർ വില്ലേജ് പടി തെക്കേക്കര എടയൂർ റോഡ്– 4 ലക്ഷം. ഉമ്മത്തൂർ– കുറുവ റോഡ് – 4 ലക്ഷം. കാച്ചിനിക്കാട്– വെള്ളില റോഡിലെ തച്ചോത്ത് ചോഴി പാലത്തിന് സമീപമുള്ള തകർന്നഭാഗം നന്നാക്കാൻ– 3 ലക്ഷം. പരിയാപുരം– അങ്ങാടിപ്പുറം– റെയിൽവേ ഗേറ്റ് വലമ്പൂർ റോഡ്– 4 ലക്ഷം. ആനക്കയം തിരൂർക്കാട് റോഡിലെ പൂഴിക്കുന്ന് ഭാഗത്ത് അരികുഭിത്തി കെട്ടി സംരക്ഷിക്കാൻ – 22 ലക്ഷം. അങ്ങാടിപ്പുറം ചെറുകുളമ്പ് റോഡിൽ കടുങ്ങപുരം വില്ലേജ് പടിയിൽ അഴുക്കുചാൽ നിർമിക്കുന്നതിന് –12 ലക്ഷം എന്നിങ്ങനെയാണ് അനുവദിച്ചത്.

കാവാലം സ്കൂൾ വിദ്യാർത്ഥികൾക്ക് മഞ്ചേരിയിലെ കുരുന്നുകളുടെ കൈത്താങ്ങ്

മഞ്ചേരി: സംസ്ഥാനം കണ്ട ഏറ്റവും വലിയ പ്രളയത്തിൽ പഠനോപകരണങ്ങളടക്കം സർവ്വവും നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് മഞ്ചേരി വായ്പ്പാറപ്പടി ജി എൽ പി സ്കൂൾ വിദ്യാർത്ഥികളുടെ കൈത്താങ്ങ്.

ആലപ്പുഴ ജില്ലയിലെ കാവാലം ഗവൺമെന്റ് യു പി സ്കൂളിലെ പഠനോപകരണങ്ങൾ നഷ്ടപ്പെട്ട മുഴുവൻ വിദ്യാർത്ഥികൾക്കാണ് ബാഗ്, പുസ്തകങ്ങൾ, പാത്രങ്ങൾ, പേന തുടങ്ങിയവയടക്കമുള്ളവ വിതരണം ചെയ്തത്. ഇതിനായി വായ'പ്പാറ വിദ്യാർത്ഥികൾ അമ്പതിനായിരം രൂപയോളം സമാഹരിച്ചു. പ്രഥമാദ്ധ്യാപകൻ എം കെ സനൽകുമാർ, എസ് എം സി ചെയർമാൻ അഡ്വ. കെ പി ഷാജു, വെൽഫെയർ കമ്മറ്റി ചെയർമാൻ അഡ്വ. എൻ ശശിധരൻ, കമ്മറ്റിയംഗം പ്രമോദ് കുമാർ എന്നിവരുടെ നേതൃത്വത്തിലാണ് പഠനോപകരണങ്ങൾ കാവാലം സ്കൂളിലെത്തിച്ചത്. വായ്പ്പാറപ്പടി സ്കൂൾ വിദ്യാർത്ഥികൾ നേരത്തെ 35350 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറിയിരുന്നു.

കച്ചവടക്കാരിൽ നിന്നുള്ള പിരിവ് ഒഴിവാക്കണം

മലപ്പുറം: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ജില്ലയിലെ കച്ചവടക്കാരിൽ നിന്നും വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പിരിവുകൾ ഒഴിവാക്കണമെന്നും പ്രളയം മൂലം നഷ്ടം സംഭവിച്ച ജില്ലയിലെ കച്ചവടക്കാർക്ക് സർക്കാർ ധനസഹായം അനുവദിക്കണമെന്നും കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പ്രവർത്തക സമിതി യോഗം ആവശ്യപ്പെട്ടു. പ്രളയ ദുരിതം കഴിഞ്ഞ് ഒരു മാസമായിട്ടും സാമ്പത്തിക മാന്ദ്യത്തിൽ നിന്നും വ്യാപാര മേഖല കരകയറാനായിട്ടില്ല. ബാങ്കുകളിൽ നിന്നും മറ്റും ലക്ഷങ്ങൾ വായ്പയെടുത്തു കച്ചവടം ചെയ്യുന്ന വ്യാപാരികളെ സഹായിക്കുന്നതിനു പകരം സെയിൽ ടാക്സ്, ജി എസ് ടി തുടങ്ങിയ വിവിധ വകുപ്പുകളെ ഉപയോഗപ്പെടുത്തി വ്യാപാരികളിൽ നിന്നും പിരിവെടുക്കുന്നത് വ്യാപാര സമൂഹത്തെ കൊണ്ടെത്തിക്കുന്നത് മറ്റൊരു ദുരിതത്തിലേക്കാണെന്നും യോഗം വിലയിരുത്തി. ജില്ലാ പ്രസിഡണ്ട് പി കുഞ്ഞാവു ഹാജി അധ്യക്ഷത വഹിച്ചു. എം കുഞ്ഞിമുഹമ്മദ്, നൗഷാദ് കളപ്പാടൻ, ടി എ മജീദ്, പി പി ബഷീർ, പി ടി എസ് മൂസ്സു, ടി എം പത്മകുമാർ, വി എ നാസർ, ഇ പ്രകാശ്, വിനോദ് പി മേനോൻ, എം വിജയൻ, പി അബ്ദുൽ ജബ്ബാർ, മുസ്തഫ ബെസ്റ്റ്, എ പോക്കർ ഹാജി, പരി ഉസ്മാൻ, ചമയം ബാപ്പു, പി പി അബ്ദുറഹിമാൻ, അക്രം ചുണ്ടയിൽ എന്നിവർ സംസാരിച്ചു.

ജില്ലാ ബധിര കായികമേള; അസീസിയും എബിലിറ്റിയും ജേതാക്കൾ

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാല സ്റ്റേഡിയത്തിൽ നടന്ന ജില്ലാ ബധിര കായികമേളയിൽ സ്കൂൾ വിഭാഗത്തിൽ അസീസി മലാപറമ്പ് ജേതാക്കളായി. പരപ്പനങ്ങാടി ബധിര വിദ്യാലയം രണ്ടാം സ്ഥാനവും നിലമ്പൂർ ബഡ്സ് ബധിര വിദ്യാലയം മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ക്ലബ്ബ് വിഭാഗത്തിൽ പുളിക്കൽ എബിലിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹിയറിങ് ഇംപയേർഡാണ് ചാമ്പ്യൻമാർ.

പുളിക്കൽ എബിലിറ്റി കോളേജ് രണ്ടാംസ്ഥാനവും മഞ്ചേരി വി വൺ ക്ലബ്ബ് മൂന്നാംസ്ഥാനവും നേടി. കാലിക്കറ്റ് സർവകലാശാലാ കായികവിഭാഗം മേധാവി ഡോ. വി പി സക്കീർഹുസൈൻ പതാക ഉയർത്തി. കേരള ബധിര സ്പോർട്സ് കൗൺസിൽ ചെയർമാൻ വി കെ തങ്കച്ചൻ, ജില്ലാ ചെയർമാൻ നാസർ പാലക്കൽ എന്നിവർ സമ്മാനങ്ങൾ വിതരണം ചെയ്തു. എ മുജീബ് റഹ്മാൻ, ഇ കെ നൗഷാദ്, അബ്ദുൾ വഹാബ് തുടങ്ങിയവർ സംസാരിച്ചു.

ലാപ്ടോപ്പുകൾ വിതരണം ചെയ്തു

വള്ളിക്കുന്ന്: വാർഷിക പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ എസ് സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തു. പഞ്ചായത്ത് പ്രസിഡണ്ട് വി എൻ ശോഭന ഉദ്ഘാടനം ചെയ്തു.

CHANGE OF NAME

I, SHAJUMON VALIYIL, S/O. ABU VALIYIL RESIDING AT VALIYIL HOUSE, P.O. VALANCHERY, DT MALAPPURAM, KERALA HOLDER OF INDIAN PASSPORT NO: H7257256 HAVE CHANGED MY NAME AS SHAJAHAN VALIYIL.